# മാതൃകാചോദ്യപേപ്പർ

( പരിശീലനത്തിനു വേണ്ടി മാത്രം )

തിരുവനന്തപുരം വിദ്യാഭ്യാസ ജില്ല സമയം 90 മിനിട്ട്

ക്ലാസ്സ് 10 മലയാളം പേപ്പർ - II സ്കോർ - 80

അടിസ്ഥാന പാഠാവലി പരമാവധി ലഭിക്കുന്ന സ്കോർ - 40

---

**1- 6 ശരിയുത്തരം തിരഞ്ഞെടുത്തെഴുതുക. ( 1 സ്കോർ വീതം )**

**1.** കോരന്റെ ജീവിതത്തിലെ സ്മരണീയ ദിവസമായി നോവലിസ്റ്റ് വിശേഷിപ്പിക്കുന്നത് ഏതാണ് ?

- നെല്ല് കൂലിയായി ചോദിച്ച ദിവസം
- അപ്പന് വയറുനിറച്ച് കഞ്ഞിവച്ച് കൊടുത്ത ദിവസം
- രാത്രിയിൽ നടക്കുന്ന വ്യാപാരത്തെ പരസ്യപ്പെടുത്താൻ ആലോചിച്ച ദിവസം

**2.** "ഒന്നിനും കൊള്ളരുതാത്തവനെന്നവൾ
ഇന്നും പഴി പറഞ്ഞേക്കും" - ഈ പ്രയോഗത്തിൽ തെളിയുന്ന ഭാവം ഏത് ?

- നിരാശ
- പരിഹാസം
- പശ്ചാത്താപം

**3.** 'മൗനത്തിലേക്ക് ഇറങ്ങിപ്പോകുന്നു' എന്ന പ്രയോഗത്തിന്റെ അർത്ഥം.

- സംസാരശേഷി നഷ്ടപ്പെടുന്നു.
- ഒറ്റക്കിരിക്കാൻ താല്പര്യപ്പെടുന്നു
- സംസാരിക്കാതിരിക്കുന്നു

**4.** 'വൃക്ഷങ്ങളിൽ വച്ച് വൃക്ഷമായത്' എന്ന് ലേഖകൻ വിശേഷിപ്പിച്ചത് -

- പ്ലാവിനെ
- മാവിനെ
- തെങ്ങിനെ

**5.** പിഞ്ഞാണവർണ്ണം - പദം വിഗ്രഹിക്കുമ്പോൾ

- പിഞ്ഞാണമാകുന്ന വർണ്ണം
- പിഞ്ഞാണത്തിന്റെ വർണ്ണം
- പിഞ്ഞാണത്താലുള്ള വർണ്ണം

**6.** മാവ് വീണാലും ആപത്ത് വരുത്തുകയില്ലെന്ന അമ്മയുടെ വിശ്വാസത്തിനടിസ്ഥാനമെന്ത് ?

- മാവിന് മറ്റ് മരങ്ങളുടെ അത്ര തലയെടുപ്പില്ല
- മാവിനോട് അമ്മയ്ക്കുള്ള ആത്മബന്ധം
- മാവിനുചുറ്റും ധാരാളം വൃക്ഷങ്ങൾ ഉണ്ട്.

## 7 – 11 രണ്ടുവാക്യത്തിൽ ഉത്തരമെഴുതുക. ( 2 സ്കോർ വീതം )

7. 'അന്നത്തെ സൂചിപ്രയോഗത്തിൻ നീറ്റൽ പോ -
ലൊന്ന് മനസ്സിലൂടപ്പോൾ കടന്നുപോയ്'
- ഈ വരികളിൽ തെളിയുന്ന മകന്റെ മാനസികാവസ്ഥ കണ്ടെത്തിയെഴുതുക.

8. 'രാത്രിയിൽ നടക്കുന്ന വ്യാപാരത്തെ പരസ്യപ്പെടുത്തിയാലെന്ത് ?'
- കോരനെ ഇത്തരത്തിൽ ചിന്തിക്കാൻ പ്രേരിപ്പിച്ച സാഹചര്യമെന്ത് ?

9. 'അതോർത്ത് ഞ്ഞ് വെഷമിക്കേണ്ട ഞാനിവിടെ ഒറ്റയ്ക്കാണെന്ന് എനിക്ക തോന്നീട്ടില്ല.'
- അമ്മ ഇങ്ങനെ പറയുന്നതിന്റെ പൊരുളെന്താണ്?

10. 'യുദ്ധകാലമായതോടെ മാവുകൾക്കു വിലകൂടി.' - ഈ പ്രയോഗത്തിലൂടെ ലേഖകൻ സൂചിപ്പിക്കുന്നതെന്ത് ?

11. 'അങ്ങനെ മുകളിൽ നിന്ന് കീഴോട്ടൂർന്നിറങ്ങുന്ന മർക്കോസും താഴെ നിന്നു മേലോട്ടു വളരുന്ന മത്തായിയും അയൽക്കാരായിപ്പാർത്തു.' കഥാകൃത്തിന്റെ ഈ പ്രയോഗത്തിൽ തെളിയുന്ന ആശയമെന്താണ് ?

## 12 – 21 അരപ്പുറത്തിൽ ഉത്തരമെഴുതുക. ( 4 സ്കോർ വീതം )

12. മനുഷ്യനും മരവും തമ്മിലുള്ള കേവലബന്ധം മാത്രമാണോ കൊച്ചുചക്കരച്ചിയിലെ അമ്മയും മാവും തമ്മിലുള്ളത് ? വ്യക്തമാക്കുക.

13. "പെറ്റുകിടക്കും തെരുവുപട്ടിക്കെന്തൊ -
രൂറ്റം, കുരച്ചതു ചാടിക്കുതിക്കുന്നു."
- ഈ വരികൾ കാവ്യസന്ദർഭത്തെ വികാരതീവ്രമാക്കുന്നതെങ്ങനെ?

14. തങ്ങളുടെ ചെറിയ ചെറിയ ആവശ്യങ്ങൾ പോലും കുടുംബത്തിനുവേണ്ടി മാറ്റി വയ്ക്കുന്നവരുണ്ട്.
- 'പണയ'ത്തിലെ ചാക്കുണ്ണി അതിനൊരുദാഹരണമാണ്. ലഘുക്കുറിപ്പെഴുതുക.

15. "ഇവിടെ അമ്മയെ തനിച്ച നിർത്തിയിട്ട് ഞാനെങ്ങന്യാ പോവ്വാ"
- അമ്മയെ കൂടെ കൂട്ടാൻ ശ്രമിക്കുന്ന മകന്റെ മാനസികാവസ്ഥ ഈ വരികളിൽ എത്രത്തോളം പ്രകടമാണ് ?

16. 'അതെന്തൊരു അക്ഷന്തവ്യമായ അപരാധമാണ്. ഒരു തരത്തിലും ആ തെറ്റ് ന്യായീകരിക്കാവുന്നതല്ല.' കോരന്റെ ഈ പശ്ചാത്താപം ഇന്നത്തെ സമൂഹത്തിനു നല്കുന്ന സന്ദേശമെന്ത് ?

17. ഇന്നു 'മാങ്ങമരം' കാണാത്ത കുട്ടികൾ കേരളത്തിൽ ഉണ്ടാവില്ലെങ്കിലും ഇപ്പറഞ്ഞ പഴയ 'അപരിഷ്കൃതമട്ടുകൾ' അവർ അറിയാനിടയില്ല.
- കഥാകാരൻ സൂചിപ്പിക്കുന്ന അപരിഷ്കൃതമട്ടുകൾ എന്തെല്ലാം?

18. “ആരു തേടും? നാളെ നമ്മുടെ കുട്ടികൾ -
ക്കോർക്കാനമമ്മയെ വേണ്ടായിരിക്കുമോ?” - (അമ്മയുടെ എഴുത്തുകൾ )
- ഇപ്രകാരം ചിന്തിക്കാൻ കവിയെ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തൊക്കെയാവാം?

19. ‘മതമേതായാലും കൊള്ളാം മനുഷ്യൻ നന്നായാൽ മതി’.
‘ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്’
- ശ്രീനാരായണഗുരുവിന്റെ ഈ ആപ്തവാക്യങ്ങളോടുള്ള നിങ്ങളുടെ നിരീക്ഷണങ്ങൾ എഴുതുക.

20. “അമ്മ സംസാരിച്ചു തുടങ്ങിയാൽ പിന്നെ അച്ഛൻ നിശ്ശബ്ദനാകും.”
- കുടുംബബന്ധത്തിന്റെ തീവ്രത വ്യക്തമാക്കുന്ന നിരവധി സന്ദർഭങ്ങൾ 'ഓരോ വിളിയും കാത്ത് ' എന്ന പാഠഭാഗത്തുണ്ട് . രണ്ട് സന്ദർഭങ്ങൾ വിശകലനം ചെയ്ത് കുറിപ്പെഴുതുക.

21. പണ്ടത്തെ ജന്മിവ്യവസ്ഥ കർഷകരോട് കാട്ടിയിരുന്ന ക്രൂരതകളുടെ സൂചനകൾ 'പ്ലാവിലക്കഞ്ഞി’ യിൽ കാണാം. വിശകലനം ചെയ്ത് കുറിപ്പെഴുതുക.

## 22- 25 ഒരു പുറത്തിൽ ഉത്തരമെഴുതുക. ( 6 സ്കോർ വീതം )

22. ഊഷ്മളമായ സ്നേഹവും കരുതലുമാണ് ജീവിതത്തിന് അർത്ഥം നല്കുന്നത്.
- ഓരോ വിളിയും കാത്ത് എന്ന കഥയെ ആസ്പദമാക്കി ഈ പ്രസ്താവന വിലയിരുത്തുക.

23. യഥാർത്ഥ കർഷകൻ മാത്രമല്ല കുടുംബസ്നേഹികൂടിയാണ് കോരൻ. പാഠഭാഗത്തെ അടിസ്ഥാനമാക്കി കഥാപാത്ര നിരൂപണം തയ്യാറാക്കുക.

24. അമ്മയെ ഉപേക്ഷിക്കാൻ ശ്രമിക്കുമ്പോഴാണ് അമ്മ എന്ന യാഥാർത്ഥ്യത്തെ മകൻ തിരിച്ചറിയുന്നത്.
‘അമ്മത്തൊട്ടിൽ’ എന്ന പാഠഭാഗത്തെ വിശകലനം ചെയ്ത് കുറിപ്പെഴുതുക.

25. സാമൂഹിക പരിഷ്കർത്താവ് , നവോത്ഥാനനായകൻ , പരിഷ്കരണോന്മുഖമായ സന്ദേശങ്ങൾ പകർന്നു നല്കിയ വ്യക്തി - നാരായണഗുരുവിന്റെ വ്യക്തമായ ചിത്രം കുറ്റിപ്പുഴ ലേഖനത്തിൽ അവതരിപ്പിക്കുന്നു. പാഠഭാഗത്തെ അടിസ്ഥാനമാക്കി 'നവോത്ഥാന നായകനായ ശ്രീനാരായണഗുരു’ എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക.